**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5637** **24.05.2017-ൽ മറുപടിക്ക്**

**നഴ്സുമാരുടെ ശമ്പളം നിശ്ചയിക്കുവാൻ കമ്മിറ്റി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ നഴ്സുമാരുടെ കുറഞ്ഞ ശമ്പളം 20000 രൂപയായി നിശ്ചയിക്കണമെന്ന 2017 ജനുവരിയിലെ സുപ്രീംകോടതി വിധി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിനായി ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; | (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സുപ്രീംകോടതി വിധി പ്രകാരം കേന്ദ്ര സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ സ്വകാര്യ നഴ്സുമാരുടെ കുറഞ്ഞ ശമ്പളം 20000 രൂപയായി നിശ്ചയിക്കണമെന്ന ശിപാർശ, 02.11.2016-ൽ ആരോഗ്യ വകുപ്പിൽ നിന്നും കൈമാറി തൊഴിൽ വകുപ്പിന് ലഭിക്കുകയുണ്ടായി. പ്രസ്തുത ശിപാർശ, സ്വകാര്യ മേഖലയിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതിയുടെ അഭിപ്രായത്തിനായി നൽകിയിട്ടുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് നഴ്സുമാരുടെ ശമ്പളം നിശ്ചയിക്കുവാൻ നിയുക്തരായ കമ്മിറ്റി നിലവിലുണ്ടോ; ഇല്ലെങ്കിൽ പുതിയ കമ്മിറ്റി ഇക്കാര്യത്തിനായി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; | (ബി) മുൻ സർക്കാരിന്റെ കാലത്ത് നഴ്സുമാരുടെ ശമ്പളം നിശ്ചയിക്കുവാൻ നിയുക്തരായ കമ്മിറ്റി ഇപ്പോൾ നിലവിലില്ല. 28.10.2016-ലെ സ.ഉ. (സാധാ) 1334/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നിലവിലുള്ള സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (സി) പുതിയ കമ്മിറ്റി രൂപീകരിച്ചെങ്കിൽ അവരുടെ റിപ്പോർട്ട് അടിയന്തരമായി വാങ്ങി സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ പരിതാപകരമായ അവസ്ഥ ദൂരീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) പുതിയതായി രൂപീകരിച്ച കമ്മിറ്റി എല്ലാ ജില്ലകളിലും തെളിവെടുപ്പ് നടത്തി വരുന്നു. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന നഴ്സടക്കമുള്ള തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.